ഉത്തരം

(എ) പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, റിക്കറിംഗ് ഡിപ്പോസിറ്റ്, ടൈം ഡിപ്പോസിറ്റ്, മാസവരുമാനപദ്ധതി, ഇന്ദിരാവികാസ് പത്ര, കിസാൻ വികാസ് പത്ര, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, പബ്ളിക് പ്രോവിഡന്റ് ഫണ്ട് എന്നിവയാണ് ദേശീയ സമ്പാദ്യ പദ്ധതിവഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

(ബി) ശ്രവ്യ-ദൃശ്യ മാധ്യമങ്ങളിൽ കൂടിയും പ്രധാനപ്പെട്ട വർത്തമാന പത്രങ്ങളിൽ കൂടിയും സ്ഥിരമായി പരസ്യങ്ങളിൽ കൂടിയും ദേശീയ സമ്പാദ്യ പദ്ധതിയെ പൊതുജന മദ്ധ്യത്തിൽ എത്തിക്കുവാൻ പരമാവധി ശ്രമിക്കാറുണ്ട്. അംഗീകൃത ഏജന്റുമാരുടേയും, വ്യക്തികളുടേയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹായം ഇക്കാര്യത്തിൽ പരമാവധി പ്രയോജനപ്പെടുത്തിവരുന്നു.

(സി) ഇല്ല.

(ഡി) ദേശീയ സമ്പാദ്യ പദ്ധതി വഴി ഓരോ സംസ്ഥാനത്തുനിന്നും സമാഹരിക്കപ്പെടുന്ന മിച്ച നിക്ഷേപത്തിന്റെ 75% അതാത് സംസ്ഥാനങ്ങളിലെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് ദീർഘകാല വായ്പയായി കേന്ദ്ര സർക്കാറിൽ നിന്നും ലഭിക്കുന്നു. പൊതുജനങ്ങൾക്ക് നേരിട്ട് വായ്പ നൽകുന്ന സംവിധാനം ഇല്ല.

(ഇ) ബാങ്കുകൾ നൽകുന്നതുപോലെ വ്യക്തികൾക്ക് നേരിട്ട് വായ്പ നൽകുന്ന സമ്പ്രദായം ദേശീയ സമ്പാദ്യ പദ്ധതിയിൽ ഇല്ല. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. കൂടുതൽ ജോലിഭാരം വരുന്ന മുറയ്ക്ക് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതാണ്.

18 (1467) സർക്കാർ എടുത്തിട്ടുള്ള വായ്പ

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷം സർക്കാർ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മൊത്തം എത്രകോടി രൂപയാണ് ഇപ്രകാരം വായ്പ എടുത്തിട്ടുള്ളത്;

(സി) കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളിൻമേലാണ് വായ്പ എടുത്തതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷം സർക്കാർ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, എൻ.സി.ഡി., നബാർഡ് എന്നീ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 256.73 കോടി രൂപ

(സി) കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്തിട്ടില്ല.

19 (1468) സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് പ്രവർത്തിച്ചുവരുന്ന സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്ന കാര്യം സർക്കാർ പരിഗണയിലുണ്ടോ;

(സി) സർക്കാർ ജീവനക്കാരല്ലാത്തവർക്ക് ഈ സ്ഥാപനത്തിൽ പരിശീലനം ലഭിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഈ സ്ഥാപനത്തെ ഒരു ആധുനിക ഗവേഷണ കേന്ദ്രമായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുധനകാര്യവും നയവും, നികുതി നിയമം എന്നിവയെ സംബന്ധിച്ച് ഗവേഷണപഠനങ്ങൾ നടത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക; ഈ രംഗത്ത് പരിശീലനം കൊടുക്കുക; നികുതിയുമായി ബന്ധപ്പെട്ട സാമ്പത്തിക, വാണിജ്യ, നിയമ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ധനകാര്യത്തിലും നിയമത്തിലും ഒരു പുതിയ വിജ്ഞാനശാഖ വികസിപ്പിക്കുക; കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ ഗവേഷണ പഠനങ്ങൾ നടത്തിക്കൊടുക്കുക; ധനകാര്യവും നയവും സംബന്ധിച്ച വിവരങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, റിപ്പോർട്ടുകൾ, ലഘുലേഖകൾ, ഗവേഷണ പ്രബന്ധങ്ങൾ, പുസ്തകങ്ങൾ എന്നിവ വഴി വ്യാപിപ്പിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.

(ബി) ഇപ്പോൾ പരിഗണനയില്ല.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ സ്ഥാപനം ഇപ്പോൾ തന്നെ ഒരു ഗവേഷണ കേന്ദ്രമാണ്.

20 (1469) വിവിധ കറൻസികളുടെ രൂപത്തിൽ മാറ്റം വേണമെന്ന ആവശ്യം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറുരൂപയുടെയും അഞ്ഞൂറുരൂപയുടെയും കറൻസിനോട്ടുകൾ തമ്മിലുള്ള സാദൃശ്യവും സമാനതയും ഇവ തമ്മിലുള്ള നിർണ്ണയം എളുപ്പമല്ലാതാക്കുകയും ജനങ്ങൾക്ക് നഷ്ടം വരുത്തുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly